**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4105**
**12.11.2019 ലെ മറുപടിയ്ക്ക്**

## സ്റ്റാറ്റ്യൂട്ടറി പെൻഷൻ വ്യവസ്ഥയിൽ സ്ഥിരപ്പെടുത്തിയത് സംബന്ധിച്ച്

**ചോദ്യം :**
**ശ്രീ.പി.ഉബൈദുള്ള**
**എം.എൽ.എ**

**ഉത്തരം :**
**ഡോ.തോമസ് ഐസക്ക്**
**(ബഹു.ധനകാര്യ വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| എ | പങ്കാളിത്ത പെൻഷൻ പദ്ധതി നിലവിൽ വന്നതിനുശേഷം സംസ്ഥാന ലൈബ്രറി കൗൺസിലിൽ 13 താൽക്കാലിക ജീവനക്കാരെ മുൻകാല പ്രാബല്യത്തോടെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ വ്യവസ്ഥയിൽ സ്ഥിരപ്പെടുത്തിയത് പി എഫ് ആർ ഡി എ നിയമത്തിന് വിധേയമായിട്ടാണോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കീഴിൽ 2005 മുതൽ വിവിധ തസ്തികകളിൽ ജോലി നോക്കിവരുന്ന 13 പേരുടെ സേവനം ലൈബ്രറി കൗൺസിൽ സെക്രട്ടറി തയ്യാറാക്കിയ സ്കീം പ്രകാരം ക്രമപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഭരണ വകുപ്പ് ഫയൽ ധനകാര്യവകുപ്പിന്റെ പരിഗണനയ്ക്ക് വരികയും 03.03.2018 – ലെ സ.ഉ(അച്ചടി) നം. 31/2018/ധന പ്രകാരം താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ സ്ഥിരപ്പെടുത്തുന്നതിന് പ്രാബല്യം നൽകേണ്ടത് ഉത്തരവ് തീയതി മുതലായിരിക്കേണ്ടതാണെന്ന് ഉത്തരവായിരുന്ന സാഹചര്യത്തിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ജോലി നോക്കിയിരുന്ന ജീവനക്കാരെ ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യത്തിൽ റെഗുലറൈസ് ചെയ്യുന്നതിനാണ് 22-04-2018 – ൽ ധനകാര്യ വകുപ്പ് അനുമതി നല്കിയിരുന്നത്. എന്നാൽ ഈ ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ സഹിതം മുൻകാല പ്രാബല്യത്തോടെ സ്ഥിരപ്പെടുത്തിയ നടപടി ധനകാര്യ വകുപ്പിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ ആയത് റദ്ദ് ചെയ്യുന്നതിന് ഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി | ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ നൽകാമോ; | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കീഴിൽ താത്ക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന 13 പേരുടെ സേവനം ക്രമപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ് പുറപ്പെടുവിച്ച 18.12.2018-ലെ സ.ഉ(കൈ)നം.304/2018/ഉ.വി.വ. നം ഉത്തരവ് ഉള്ളടക്കം ചെയ്യുന്നു. |
| സി | ഇവരെ സ്ഥിരപ്പെടുത്തിയത് പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതിയുടെ അംഗീകാരത്തോടെയാണോ എന്ന് അറിയിക്കുമോ; ഇതുവഴി സർക്കാരിന് വരുന്ന ബാധ്യതയുടെ വിശദാംശങ്ങൾ നൽകുമോ: | |

| | | |
|---|---|---|
| ഡി | 2013 ഏപ്രിൽ ഒന്നിനുശേഷം നിയമനം ലഭിക്കുന്നവർക്ക് പങ്കാളിത്ത പെൻഷൻ ബാധകമാണെന്ന എഗ്രിമെന്റിനെ മറികടക്കുവാൻ ക്യാബിനറ്റ് തീരുമാനത്തിന് സാധിക്കുമോ; | പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച നിയമ വശങ്ങൾ വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് സർക്കാർ പുനഃപരിശോധനാ സമിതിയെ നിയമിച്ചിട്ടുള്ളത്. |
| ഇ | 2013-ന് മുമ്പ് സൂപ്പർ ന്യൂമററി, ലീവ് വേക്കൻസി തസ്തികയിൽ ജോലിയിൽ പ്രവേശിച്ച് എല്ലാ ആനുകൂല്യങ്ങളും കൈപ്പറ്റിയിരുന്ന ജീവനക്കാരെ റഗുലറൈസ് ചെയ്ത കാലയളവിന്റെ പേരിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിലേയ്ക്ക് മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ലൈബ്രറി കൗൺസിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയ സാഹചര്യത്തിൽ ഇവർക്കും സ്റ്റാറ്റ്യൂട്ടറി പെൻഷൻ ബാധകമാക്കുമോ; വിശദാംശം നൽകുമോ? | 31.03.2013 വരെ കെ.എസ്.ആർ ഭാഗം III പെൻഷൻ ബാധകമായിരുന്ന സർക്കാരിലോ സർക്കാരിന് കീഴിലോ വിവിധ സ്ഥാപനങ്ങളിലോ 01.04.2013 നോ അതിനു ശേഷമോ റെഗുലർ തസ്തികയിൽ സ്ഥിര നിയമനം ലഭിക്കുന്ന ഒരു ജീവനക്കാരന് കെ.എസ്.ആർ ഭാഗം III പദ്ധതി ബാധകമാകില്ല. അവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതിയാണ് ബാധകം. 01.04.2013 ന് ശേഷം റെഗുലർ തസ്തികയിൽ സ്ഥിരമായി നിയമിക്കപ്പെട്ട ഒരു ജീവനക്കാരന് കെ.എസ്.ആർ ഭാഗം III സ്റ്റാറ്റ്യൂട്ടറി പെൻഷൻ ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

Edn. B2

120880

# കേരള സർക്കാർ

## സംഗ്രഹം

കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനു കീഴിൽ താല്ക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന 13 പേരുടെ സേവനം ക്രമപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി തയ്യാറാക്കിയ സ്കീം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(കൈ)നമ്പർ: 304/2018/ഉവിവ. തീയതി, തിരുവനന്തപുരം, 18/12/2018

പരാമർശം:- 1. 29.8.11 -ലെ ജി.ഒ (എം.എസ്) 164/11/ഉ.വി.വ. നം ഉത്തരവ്

2. കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറിയുടെ 27-11-2017, 23-10-18, 27-10-18, 1-11-18 തീയതികളിലെ ഡി2/4062/08 നം കത്തുകൾ

## ഉത്തരവ്

കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ആസ്ഥാനത്ത് വിവിധ തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന 13 പേർക്ക് സ്ഥിര നിയമനം നൽകുവാൻ 6.10.2008 ൽ കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം തീരുമാനിക്കുകയും അതിന്റെ അംഗീകാരത്തിനായി സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. തുടർന്ന് 27.02.2011-ൽ ചേർന്ന മന്ത്രിസഭാ യോഗം, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ആസ്ഥാനത്ത് പത്ത് എൽ.ഡി.ക്ലാർക്ക് തസ്തികയും രണ്ട് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയും ഒരു ഡ്രൈവർ തസ്തികയും സൃഷ്ടിച്ച് ആ തസ്തികകളിൽ ജോലി ചെയ്തുവന്നവരായ 13 പേരെ മുൻകാല പ്രാബല്യമില്ലാതെ റഗുലറൈസ് ചെയ്യുന്നതിനും, കൗൺസിലിന്റെ കീഴിലുള്ള ജില്ലാ/താലൂക്ക് കൗൺസിലുകളിൽ 24 എൽ.ഡി.ക്ലാർക്ക് തസ്തികകളും 7 പ്യൂൺ തസ്തികകളും സൃഷ്ടിച്ച് ആ തസ്തികകളിൽ ജോലി ചെയ്തുവരുന്ന 31 പേരെ മുൻകാല പ്രാബല്യമില്ലാതെ റഗുലറൈസ് ചെയ്യുന്നതിനും തീരുമാനിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത മന്ത്രിസഭാ യോഗ തീരുമാനം 24-8-2011 ലെ യോഗം പുന:പരിശോധിക്കുകയും പരാമർശം (1) ലെ സർക്കാർ ഉത്തരവുപ്രകാരം പ്രസ്തുത മന്ത്രിസഭാ യോഗ തീരുമാനം റദ്ദാക്കുകയുമുണ്ടായി. പ്രസ്തുത സർക്കാർ ഉത്തരവിനെതിരെ, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ആസ്ഥാനത്ത് ജോലി നോക്കിവരുന്ന 13 പേർ 25087/11-ാം നമ്പർ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തുവെങ്കിലും ജീവനക്കാരുടെ റഗുലറൈസേഷനുമായി ബന്ധപ്പെട്ട 27-2-2011 ലെ മന്ത്രിസഭാ യോഗ തീരുമാനം ബഹു സുപ്രീം കോടതിയുടെ ഉമാദേവി കേസിന് എതിരാണെന്ന് നിരീക്ഷിച്ച ബഹു. ഹൈക്കോടതി 2.12.2013 ലെ വിധിന്യായപ്രകാരം പ്രസ്തുത റിട്ട് പെറ്റീഷൻ തള്ളിക്കളയുകയുണ്ടായി . ടി വിധിക്കെതിരെ ഹർജിക്കാർ 1837/13 -ാം നമ്പർ റിട്ട് അപ്പീൽ ഫയൽ ചെയ്യുകയും 5-12-2013 ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലൈബ്രറി കൗൺസിൽ സെക്രട്ടറി ടി ജീവനക്കാരെ തുടരാനനുവദിക്കുകയും കാലാകാലങ്ങളിലുള്ള ഇൻക്രിമെന്റും പ്രൊമോഷനും അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

2. ബഹു. സുപ്രീം കോടതിയുടെ J&K Vs. Distt Bar Assn, Bandipora (2016) 3 scc 410-ാം നമ്പർ കേസിലെ ഉത്തരവിന്റെ വെളിച്ചത്തിൽ ജീവനക്കാരുടെ റഗുലറൈസേഷനുമായി ബന്ധപ്പെട്ട് കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി ഒരു സ്കീം തയ്യാറാക്കി വരുന്നതായി ബഹു. കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ബഹു. ഹൈക്കോടതിയുടെ 27.9.2017 ലെ വിധിന്യായ പ്രകാരം കൗൺസിൽ തയ്യാറാക്കിവരുന്ന "സ്കീം" അനുസരിച്ച് അപ്പീൽ വാദികൾ ആനുകൂല്യം ലഭിക്കുന്നതിന് അർഹരാണ് എന്ന് വ്യക്തത വരുത്തി WA.1837/13-ാം നമ്പർ കേസ് തീർപ്പാക്കുകയുണ്ടായി. അതിൻപ്രകാരം കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴിൽ 2005 മുതൽ ജോലിനോക്കിവരുന്നതും. കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ 6.10.2008 ൽ കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ സ്ഥിരനിയമനം നൽകുവാൻ തീരുമാനിച്ചിരുന്നതുമായ 13 പേരുടെ സേവനം ബഹു. സുപ്രീം കോടതിയുടെ J&K Vs. Distt Bar Assn, Bandipora (2016) 3 scc 410-ാം നമ്പർ കേസിലെ ഉത്തരവിന്റെ വെളിച്ചത്തിൽ ക്രമപ്പെടുത്തുന്നതിലേയ്ക്കായി ഒരു "സ്കീം" തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തിന് കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു. പ്രസ്തുത സ്കീമിൽ, കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി നടത്തിയ നിയമനങ്ങൾ നിയമാനുസരണമുള്ളതും അത്യാവശ്യഘട്ടത്തിൽ നടത്തിയിട്ടുള്ളവയാണെന്നും വ്യക്തമാക്കി.

3. 21.11.2018 ലെ മന്ത്രിസഭാ യോഗം ഇക്കാര്യം വിശദമായി പരിശോധിച്ചു. മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ധനകാര്യ വകുപ്പ് പരിശോധിച്ചും കൊണ്ട്, കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനു കീഴിൽ 2005 ജൂൺ മുതൽ വിവിധ തസ്തികകളിൽ ജോലി നോക്കി വരുന്നതും ചുവടെപേരു ചേർത്തിട്ടുള്ളതുമായ 13 പേരുടെ സേവനം 1-6-2006 മുതൽ പ്രാബല്യത്തിൽ പെൻഷൻ സഹിതം ക്രമപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ലൈബ്രറി കൗൺസിൽ സെക്രട്ടറി തയ്യാറാക്കിയ "സ്കീം" അംഗീകരിച്ചുകൊണ്ടും സർവീസ് റഗുലറൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് സർക്കാർ അംഗീകാരം ലഭിക്കുന്നതിന് മുൻപ് താല്കാലിക അടിസ്ഥാനത്തിൽ സർവീസിൽ തുടർന്ന ജീവനക്കാർക്ക് ഇൻക്രിമെന്റ്, പ്രൊമോഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകിയ കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറിയുടെ നടപടി സാധൂകരിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | പേര് | ജനന തീയതി | നിയമിക്കപ്പെട്ട തസ്തിക | ശമ്പള സ്കെയിൽ | താല്കാലികമായി ജോലിയില് പ്രവേശിച്ച തീയതി |
|---|---|---|---|---|---|
| 1 | ശ്രീമതി. രഞ്ജിത വി.എസ് | 31.05.1976 | എൽ.ഡി ക്ലാർക്ക് | 5250-8390 | 24.06.2005 |
| 2 | ശ്രീമതി. വിനിതാ റാണി ജി എസ് | 15.05.1972 | എൽ.ഡി ക്ലാർക്ക് | 5250-8390 | 23.11.2005 |
| 3 | ശ്രീമതി. ഷൈനി പി.എസ് | 03.05.1979 | എൽ.ഡി ക്ലാർക്ക് | 5250-8390 | 06.02.2006 |
| 4 | ശ്രീമതി. മീന ആർ | 10.05.1975 | എൽ.ഡി ക്ലാർക്ക് | 5250-8390 | 25.06.2005 |
| 5 | ശ്രീമതി. ദിവ്യ ഐ | 20.05.1986 | എൽ.ഡി ക്ലാർക്ക് | 5250-8390 | 03.03.2006 |
| 6 | ശ്രീമതി. നിഷ ഇ | 28.05.1979 | എൽ.ഡി ക്ലാർക്ക് | 5250-8390 | 19.11.2005 |
| 7 | ശ്രീ. രാജേഷ് കുമാർ വി.എസ് | 03.05.1982 | എൽ.ഡി ക്ലാർക്ക് | 5250-8390 | 24.06.2005 |

| | | | | | |
|---|---|---|---|---|---|
| 8 | ശ്രീ. പ്രദീപ് കുമാർ പി | 08.04.1974 | എൽ.ഡി ക്ലാർക്ക് | 5250-8390 | 20.06.2005 |
| 9 | ശ്രീ. ശ്യം പ്രസാദ് ആർ | 10.05.1978 | എൽ.ഡി ക്ലാർക്ക് | 5250-8390 | 01.06.2006 |
| 10 | ശ്രീമതി. ജലജകുമാരി ജി | 20.04.1967 | എൽ.ഡി ടൈപ്പിസ്റ്റ് | 5250-8390 | 26.06.2005 |
| 11 | ശ്രീ. രാജേഷ് പി | 20.05.1978 | എൽ.ഡി ക്ലാർക്ക് | 5250-8390 | 11.11.2005 |
| 12 | ശ്രീമതി. ബിന്ദു ഡി | 20.05.1973 | എൽ.ഡി ടൈപ്പിസ്റ്റ് | 5250-8390 | 20.06.2005 |
| 13 | ശ്രീ. സുരേഷ് എൻ | 21.01.1974 | ഡ്രൈവർ | 5250-8390 | 20.06.2005 |

4. അംഗീകരിച്ച സ്കീം അനുബന്ധമായി ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.ഉഷാ ടൈറ്റസ്**
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
നിയമ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
www.highereducation.kerala.gov.in
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## കേരള സർക്കാർ

### സംഗ്രഹം

ധനകാര്യ വകുപ്പ് - താത്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ - മുൻകാല പ്രാബല്യം ഒഴിവാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

### ധനകാര്യ (റൂൾസ് - എ) വകുപ്പ്

**സ.ഉ (അച്ചടി) നമ്പർ. 31/2018/ധന തീയതി, തിരുവനന്തപുരം, 03.03.2018**

പരാമർശം :- 26.08.2002-ലെ സ.ഉ.(പി) നമ്പർ. 39/2002/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്

### <u>ഉത്തരവ്</u>

വിവിധ സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ താത്കാലിക ജീവനക്കാരെ മുൻകാല പ്രാബല്യത്തോടെ സ്ഥിരപ്പെടുത്തിയിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സർക്കാരിന്/സ്ഥാപനങ്ങൾക്ക് അധിക സാമ്പത്തിക ബാധ്യത വരുത്തുന്ന നടപടിയാണ്. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ച്, താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അടിയന്തരമായി പുറപ്പെടുവിക്കുന്നു.

(i) സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങൾ, സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് ജീവനക്കാർക്ക് ശമ്പളം, പെൻഷൻ എന്നിവ നൽകുന്ന സ്ഥാപനങ്ങൾ എന്നിവയിൽ, ഏതെങ്കിലും സാഹചര്യത്തിൽ സർക്കാരിന്റെ അംഗീകാരത്തോടെ നിയമ പ്രകാരം താത്കാലിക

ജീവനക്കാരെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ, ടി സ്ഥിരപ്പെടുത്തലിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നൽകേണ്ടതാണ്.

(ii) ഉദ്യോഗക്കയറ്റം, പെൻഷൻ, മറ്റ് സേവനാനുകൂല്യങ്ങൾ മുതലായ ഒന്നിനും സ്ഥിരപ്പെടുത്തുന്ന തീയതിക്ക് മുൻപുള്ള സേവനകാലം പരിഗണിക്കുന്നതല്ല.

(iii) മേൽ ഉത്തരവുകൾക്ക് വിരുദ്ധമായി വകുപ്പുതലവന്മാർ / നിയമനാധികാരി നിയമന ഉത്തരവ് പുറപ്പെടുവിച്ചാൽ തന്മൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മനോജ് ജോഷി**
പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)

**പകർപ്പ്**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), (ജി & എസ്.എസ്.എ),കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം,
നിയമസഭാ സ്പീക്കറുടെയും,ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
മുഖ്യമന്ത്രിയുടെയും,മറ്റ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
ചെയർമാൻ, ഭരണ പരിഷ്കാര കമ്മീഷൻ
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണർ (ആമുഖകത്ത് സഹിതം)
സെക്രട്ടറി, മനുഷ്യാവകാശ കമ്മീഷൻ,തിരുവനന്തപുരം
സംസ്ഥാനത്തെ എല്ലാ വകുപ്പ് തലവൻമാർ/നിയമനാധികാരികൾ
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും തലവൻമാർ
എല്ലാ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും തലവൻമാർ
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ,തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും

രജിസ്ട്രാർ, ബഹു.കേരള ഹൈക്കോടതി, എറണാകുളം
സംസ്ഥാനത്തെ എല്ലാ സർവകലാശാലകളുടെയും രജിസ്ട്രാർമാർ
രജിസ്ട്രാർ, കേരള ലോക് ആയുക്ത, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ

എന്നിവർക്ക്

ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
നോഡൽ ആഫീസർ, www.finance.kerala.gov.in
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ 347025/2016)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ